# ദി ഡിഫൻഡർ

Vol. No. 10 Issue No. 13 | RNI Reg. No. 68089 / 97 | Published From Perumbavoor | 2007 JULY 1 | Price: Rs.100/- P.A.


# ദുരുപദേശവുമായി വീണ്ടും അച്ചൻകുഞ്ഞ് രംഗത്ത്

പെന്തക്കോസ്ത് വിശ്വാസപ്രമാണങ്ങളുമായി ഒരു വിധത്തിലും യോജിക്കാത്ത ഉപദേശവുമായി ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ അംഗവും മരുപ്പച്ചയുടെ എഡിറ്ററുമായ അച്ചൻകുഞ്ഞ് ഇലന്തൂർ രംഗത്ത് വന്നിരിക്കുന്നു. മരുപ്പച്ചയുടെ ജൂൺ 05 ലക്കത്തിൽ അച്ചൻകുഞ്ഞ് എഴുതിയ മുഖപ്രസംഗത്തിലാണ് ബിലെയാമിന്റെ ഉപദേശമുള്ളത്.

ഡിവൈൻ ധ്യാനകേന്ദ്രത്തിൽ നടന്ന ദുരൂഹ മരണങ്ങളേക്കുറിച്ച് അന്വേഷിക്കുന്നത് കൊടിയ പാപമാണ് എന്ന് സ്ഥാപിച്ചശേഷം അച്ചൻകുഞ്ഞ് ഇപ്രകാരം പറയുന്നു:

''സുവിശേഷം പ്രഘോഷിക്കുന്നവരെ സഭകൾക്കതീതമായി സ്നേഹിക്കാൻ കഴിയണം. ക്രിസ്തുവിനെ പ്രസംഗിക്കുന്നവർ ഒരേ യജമാനന്റെ ദാസൻമാരാണ്. ഡിവൈൻ ധ്യാനകേന്ദ്രത്തിനെതിരെ വന്ന ദുഷ്പ്രചരണങ്ങളിൽ ഞങ്ങളും വേദനിക്കുന്നു''.

കത്തോലിക്കാസഭ മഹതിയാം ബാബിലോണാണ് എന്ന് കാര്യകാരണസഹിതം തെളിയിച്ച് പുസ്തകമെഴുതിയ കെ.ഇ.ഏബ്രഹാമിനേപ്പോലുള്ളവർ നേതൃത്വം കൊടുത്ത ഐ.പി.സിയുടെ കൗൺസിൽ അംഗമാണ് ഈ നീചൻ. പക്ഷേ മഹതിയാം ബാബിലോൺ സത്യസുവിശേഷമാണ് പ്രസംഗിക്കുന്നതെന്ന് ഇപ്പോൾ ഐ.പി.സിയുടെ കൗൺസിൽ അംഗം തന്നെ പറയുന്നു.

കർത്താവായ യേശുക്രിസ്തുവിന്റെ പരമ യാഗത്തിൽ വിശ്വസിക്കുകയും യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കയും ചെയ്യുന്ന ഏവരും നിത്യജീവൻ പ്രാപിക്കും എന്നതാണ് സത്യസുവിശേഷം. ഈ സുവിശേഷം കത്തോലിക്കാസഭ ഒരിക്കലും പറഞ്ഞിട്ടില്ല. ഡിവൈനിൽ പറയുന്നുമില്ല. കൂദാശകൾ കൂടാതെ രക്ഷപ്രാപിക്കുന്ന പരിപാടി ഡിവൈനിലില്ല. എന്നിട്ടും ഡിവൈനിൽ സത്യസുവിശേഷമാണ് പ്രസംഗിക്കുന്നതെന്നും ഡിവൈനിലെ അച്ചൻമാർ ദൈവദാസൻമാരാണെന്നും അച്ചൻകുഞ്ഞെന്ന ഈ സാത്താന്റെ സന്തതി പറയുന്നു. കത്തോലിക്കർ ഉൾപ്പെടെയുള്ളവർ ദൈവമക്കളാണെങ്കിൽ, അവർ പ്രസംഗിക്കുന്നത് സത്യസുവിശേഷമാണെങ്കിൽ, അച്ചൻകുഞ്ഞ് എന്തിന് മാർതോമ്മാ സഭ വിട്ട് ഐ.പി.സിയിൽ എത്തിയെന്ന് അറിഞ്ഞുകൂടാ.

ദൈവമക്കളെ വഴിതെറ്റിക്കാൻ സാത്താൻ പെന്തക്കോസ്ത് നേതാക്കൻമാരെ കൈയിലെടുത്തുകൊണ്ടിരിക്കുന്ന സമയമാണിത്. ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി ജോൺ ചവർ ചാനലിലൂടെ ദുരുപദേശം പ്രചരിപ്പിക്കുന്നു. അച്ചൻകുഞ്ഞ് ഇലന്തൂർ സ്വന്തം പത്രത്തിലൂടെ ദൈവമക്കളെ വഴിതെറ്റിക്കുന്നു.

പെന്തക്കോസ്ത് പത്രങ്ങളായി പരിഗണിക്കപ്പെടുന്ന നിരവധി മലയാള പ്രസിദ്ധീകരണങ്ങളുണ്ട്. അവയിൽ മരുപ്പച്ച മാത്രമാണ് ഇത്ര പരസ്യമായി ദുരുപദേശ പ്രചരണം നടത്തുന്നത്. ദൈവജനത്തെ കത്തോലിക്കാസഭയുടെ ദുരുപദേശക്കുരുക്കിൽ അകപ്പെടുത്താൻ സാത്താൻ മരുപ്പച്ചയേയും അച്ചൻകുഞ്ഞിനേയും ഉപയോഗിക്കുകയാണെന്ന വസ്തുത വീണ്ടുംജനനം പ്രാപിച്ച ദൈവമക്കൾ മനസ്സിലാക്കണം.

# പെരുമ്പെട്ടി സഭാപ്രശ്നം: ഐ.പി.സി വീണ്ടും തോറ്റു

പെരുമ്പെട്ടി ഐ.പി.സി സഭാപ്രശ്നത്തിൽ വീണ്ടും ഔദ്യോഗിക പക്ഷം തോറ്റു. പാസ്റ്റർ ഏബ്രഹാം ഷാജിക്ക് അനുകൂലമായി മുൻപുണ്ടായ വിധി നിലനിർത്തിക്കൊണ്ട് കോടതി തീരുമാനമെടുത്തു.

നീതിക്ക് നിരക്കുന്ന ഒരു കരാരണവും കൂടാതെയാണ് ടി.എസ്.ഏബ്രഹാം പെരുമ്പെട്ടി ഐ.പി.സിയുടെ പാസ്റ്ററായ ഏബ്രഹാം ഷാജിയെ ഐ.പി.സിയിൽ നിന്ന് പുറത്താക്കിയത്. ഇതിനെതിരെ ഏബ്രഹാം ഷാജി കോടതിയെ സമീപിക്കുകയും അനുകൂല വിധി നേടുകയും ചെയ്തു. അതോടെ ഔദ്യോഗിക പക്ഷത്തിന് സഭാഹാളിൽ ആരാധന നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായി.

ഏബ്രഹാം ഷാജിയെ ഐ.പി.സിയിൽ നിന്നും പുറത്താക്കിയതാണെന്നും ഇപ്പോൾ അദ്ദേഹം അവിടെ തുടരുന്നത് നിയമ വിരുദ്ധമായാണെന്നും അതുകൊണ്ട് തങ്ങൾക്ക് സഭാഹാളിൽ ആരാധിക്കാൻ പോലീസ് സംരക്ഷണം വേണമെന്നും ആവശ്യപ്പെട്ട് ഔദ്യോഗിക പക്ഷം ഹൈക്കോടതിയെ സമീപിച്ചു. ഐ.പി.സി ഈ കേസ്സിൽ കക്ഷി ചേരുകയും ചെയ്തു. പക്ഷേ ഏബ്രഹാം ഷാജിക്ക് അനുകൂലമായി മുൻപ് ഉണ്ടായ കോടതിയുത്തരവ് അംഗീകരിക്കാനും നിലവിലുള്ള സ്ഥിതി തുടരാനുമാണ് ഹൈക്കോടതി ഇത്തരവിടിട്ടത്. അതോടെ ഔദ്യോഗിക പക്ഷത്തിന്റേയും ഐ.പി.സിയുടേയും പരാജയം പൂർണ്ണമായി. ടി.എസ്.ഏബ്രഹാമിന് വ്യക്തിപരമായേറ്റ അടികൂടിയാണിത്.

ഡിഫെൻഡറിനും ടി.എസ്.ബാലനും എതിരെ കേസ്സ് നടത്താൻ ഐ.പി.സി ആറു വർഷം മുൻപ് കെ.പി.കുര്യനേയും ഏബ്രഹാം ഷാജിയേയും ഔദ്യോഗികമായി ചുമതലപ്പെടുത്തിയിരുന്നു. അന്നു മുതൽ അവർ കേസ്സ് നടത്തുകയും ചെയ്യുന്നു. പക്ഷേ ഇപ്പോൾ ഇവർ നടത്തുന്ന കേസ്സുകളിൽ ഐ.പി.സി എതിർകക്ഷി ആണെന്ന് ഒരു വ്യത്യാസമുണ്ട്. ഐ.പി.സി വിതച്ചത് ഐ.പി.സി കൊയ്യുന്നു.

സഭാനേതാക്കൻമാരുടെ അടിമകളാണ് സഭാശുശ്രൂഷകൻമാരും വിശ്വാസികളും എന്ന ധാരണ ടി.എസ്.ഏബ്രഹാമിനേപ്പോലുള്ളവർ തിരുത്താൻ ഈ വിധി കാരണമാകുമെന്ന് തോന്നുന്നില്ല. കാരണം, എത്ര കണ്ടാലും കൊണ്ടാലും പഠിക്കാത്തവരാണ് പെന്തക്കോസ്ത് നേതാക്കൻമാർ. പക്ഷേ സഭാനേതാക്കൻമാർ നിയമ വിരുദ്ധമായി ഉത്തരവിറക്കിയാൽ അത് കോടതിയിൽ ചോദ്യം ചെയ്യാൻ കഴിയുമെന്നും സഭയ്ക്കുള്ളിൽ കിട്ടാത്ത നീതി കോടതിയിൽ നിന്ന് നേടിയെടുക്കാൻ കഴിയുമെന്നും ഈ വിധിയിലൂടെ വ്യക്തമായിരിക്കയാണ്.



# പാവപ്പെട്ടവനെ പറ്റിക്കാൻ വരുന്നൂ ചവർ ക്ലബ്ബ്

പാവപ്പെട്ടവന്റെ പോക്കറ്റടിക്കാനുള്ള ഒരു വിരുതൻ പദ്ധതിക്ക് ചവർ ചാനൽ രൂപം കൊടുത്തിരിക്കുന്നു. പവ്വർവിഷൻ ക്ലബ്ബ് എന്ന് പേരിട്ടിരിക്കുന്ന ഈ പരിപാടിയിലൂടെ 1000 രൂപയെങ്കിലും പോക്കറ്റിലുള്ളവരെ വരെ കബളിപ്പിക്കാം.

എന്തിനാണ് ഈ ക്ലബ്ബ് ഉണ്ടാക്കുന്നതെന്ന് കെ.സി. ജോൺ പറയുന്നുണ്ട്: ''പവ്വർ വിഷൻ പ്രേക്ഷകർക്ക് ഒത്തുകൂടാനും പ്രാർത്ഥിക്കാനും ചർച്ച ചെയ്യാനുമുള്ള പൊതുവേദിയാണ് പവ്വർ ക്ലബ്ബ്. സുവിശേഷവത്ക്കരണത്തിനുതകുന്ന മികച്ച ടി.വി. പ്രോഗ്രാമുകൾ തയ്യാറാക്കുവാൻ ക്ലബ്ബ് അംഗങ്ങൾക്ക് കഴിയും''.

ആർക്കൊക്കെ അംഗമാകാം? ''യേശുവിനെ രക്ഷകനായി സ്വീകരിച്ച ഏതൊരാൾക്കും പ്രായത്തിന്റേയോ സഭാവിഭാഗത്തിന്റേയോ വ്യത്യാസം കൂടാതെ ക്ലബ്ബിൽ അംഗമാകാം''. പക്ഷേ കുറഞ്ഞപക്ഷം ആയിരം രൂപയെങ്കിലും പോക്കറ്റിൽ ഇല്ലാത്തവർ ക്ലബ്ബിന്റെ ഏഴയലത്തുപോലും അടുക്കരുത്. ചുരുക്കത്തിൽ, പരമ ദരിദ്രവാസികൾ ഒഴികെയുള്ള ആരേയും കബളിപ്പിക്കാൻ ഈ പദ്ധതി ഉപകരിക്കും.

ചവർ ചാനൽ പ്രചരിപ്പിക്കുന്ന സുവിശേഷം ഏതാണെന്ന് ഇപ്പോഴെങ്കിലും വ്യക്തമാക്കിയതിൽ സന്തോഷം. ''യേശുവിനെ രക്ഷകനായി സ്വീകരിക്കുക'' എന്നിടത്ത് ചവറിന്റെ സുവിശേഷം അവസാനിക്കുന്നു. ഇതിൽ എന്താണ് തെറ്റ്? കത്തോലിക്കർ ഉൾപ്പെടെയുള്ള ഏതു സമുദായക്കാരനും യേശുവാണ് തന്റെ രക്ഷകൻ എന്ന് പറയും. പക്ഷേ വീണ്ടുംജനനം എന്നാൽ എന്തെന്ന് അവർക്ക് അറിഞ്ഞുകൂടാ. വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട് തുടങ്ങിയ അടിസ്ഥാന ഉപദേശങ്ങളേക്കുറിച്ച് കേൾക്കുകകൂടി ചെയ്തിട്ടുണ്ടാകുകയുമില്ല. ഇത്തരം ഒരു വ്യാജസുവിശേഷമാണ് ചവർ പ്രചരിപ്പിക്കുന്നത്. അതുകൊണ്ടാണ് കത്തോലിക്കർ ഉൾപ്പെടെയുള്ളവർക്ക് തങ്ങളുടെ ദുരുപദേശം പ്രചരിപ്പിക്കാൻ ചവർ അവസരം ഒരുക്കുന്നത്.

ചവറിന് ആശംസ അർപ്പിച്ചുകൊണ്ട് മൂന്ന് സമുദായ നേതാക്കൻമാർ നൽകുന്ന സന്ദേശവും ക്ലബ്ബിന്റെ ബ്രോഷറിലുണ്ട്. ക്രിസോസ്റ്റം മാർതോമ്മാ മെത്രാപ്പോലീത്താ, കത്തോലിക്ക ആർച്ച് ബിഷപ്പ് ഐസക്ക് മാർ ക്ലീമ്മീസ്, സി.എസ്.ഐ. ബിഷപ്പായ തോമസ് ശാമുവൽ എന്നിവരാണ് ചവറിനെ പ്രശംസിക്കുന്നത്. ഇവർക്കൊക്കെ സ്വീകാര്യമായ സുവിശേഷമാണ് കെ.സി.ജോൺ പറയുന്നതെന്ന് വ്യക്തം.

ആയിരം രൂപയെങ്കിലും മുടക്കാൻ കഴിവുള്ളവരെ വരെ കബളിപ്പിച്ച് പിരിച്ചെടുക്കുന്ന പണം ഉപയോഗിച്ച് കെ.സി. ജോൺ പ്രചരിപ്പിക്കുന്നത് വ്യാജസുവിശേഷമാണ്. ഐ.പി.സിയുടെ പ്രസിഡന്റായ ഈ പരമനീചൻ ഐ.പി.സിയുടെ വിശ്വാസപ്രമാണങ്ങൾക്കു നേർവിപരീതമായ ദുരുപദേശമാണ് ഇപ്പോൾ ചവറിലൂടെ പ്രചരിപ്പിക്കുന്നത്. സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ച ഈ കാട്ടുകള്ളൻ സാധുക്കളായ വിശ്വാസികളെ വഞ്ചിക്കയാണ്.

(ചവർക്ലബ്ബ് ഉണ്ടാക്കാൻ രണ്ടാഴ്ച മുൻപ് തിരുവല്ലയിൽ വിളിച്ചുചേർത്ത സമ്മേളനത്തിൽ ചവറിന്റെ ദുരുപദേശപ്രചരണത്തിനെതിരെ ശക്തമായ വിമർശനമുണ്ടായി. ദൈവമക്കൾ പ്രതികരിക്കാൻ തുടങ്ങിയിരിക്കുന്നു).

ദി ഡിഫെൻഡർ

Vol. No.10 Issue No. 13 2007 July 1

# ദൈവജനത്തെ കൊള്ളയടിക്കുന്നവർ

ദൈവവജനത്തെ കൊള്ളയടിക്കുന്നു എന്നു കേൾക്കുമ്പോൾ ഏതെങ്കിലും കൊള്ളക്കാർ വന്ന് ദൈവമക്കളെ കൊള്ളയടിക്കുന്നു എന്ന് തെറ്റിദ്ധരിക്കുന്നവരുണ്ടാകാം. ആ വിധത്തിലുള്ള ഏതെങ്കിലും കൊള്ളക്കാരേക്കുറിച്ചല്ല ഇവിടെ പറയുന്നത്. ദൈവദാസൻമാരുടെ വേഷത്തിൽ നടന്ന് ദൈവനാമം ഉപയോഗിച്ച് ദൈവജനത്തെ കൊള്ളയടിക്കുന്ന വ്യാജ സുവിശേഷകരേക്കുറിച്ചാണ് പറയുവാൻ ഉദ്ദേശിക്കുന്നത്.

ദൈവനാമത്തിനുവേണ്ടി തങ്ങളുടെ ഭൗതിക നൻമകൾ ചെലവഴിക്കാൻ ദൈവമക്കൾ എന്നും തയ്യാറാണ്. ദൈവമക്കളുടെ ഈ സന്മനസ്സാണ് ദുഷ്ടൻമാർ ദുരുപയോഗം ചെയ്യുന്നത്. വിദേശത്തുള്ള ദൈവമക്കളാണ് ഈ തട്ടിപ്പിന് ഇരയാകുന്നവരിൽ ഏറെയും. ബൈബിൾ കോളേജ്, സഭാഹാൾ നിർമ്മാണം, അനാഥശാല, സുവിശേഷപ്രർത്തനം തുടങ്ങിയവയുടെയൊക്കെ പേരു പറഞ്ഞാണ് പണം പിരിക്കുന്നത്. ഇത്തരം ആവശ്യങ്ങൾക്കായി ഫണ്ട് ശേഖരിക്കുന്നത് തെറ്റാണെന്ന് പറയാനാവില്ല. പക്ഷേ ഈ വിധത്തിലുള്ള ആവശ്യങ്ങൾ പറഞ്ഞ് പണം പിരിച്ച് സ്വന്തം പോക്കറ്റിലാക്കുന്നതിനെതിരെയാണ് പ്രതികരിക്കുന്നത്.

അഞ്ചോ പത്തോ വിദ്യാർത്ഥികളെ എടുത്ത് ഏതാനും മാസം പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ ബൈബിൾ കോളേജോ സെമിനാരിയോ ആകുന്നതെങ്ങനെ? ചെലവാകുന്നതിന്റെ പത്തോ ഇരുപതോ മടങ്ങ് പണം പിരിച്ച് സ്വന്തം കീശയിലാക്കുന്നത് ന്യായീകരിക്കുന്നതെങ്ങനെ? അഞ്ചോ പത്തോ കുട്ടികളെ ഒരു കെട്ടിടത്തിൽ താമസിപ്പിച്ച് ചെലവിന് കൊടുത്ത് അനാഥശാല ഉണ്ടാക്കുന്നു. എന്നിട്ട് ഇവരുടെ പേരിൽ ലോകമെങ്ങും നടന്ന് പണപ്പിരിവ് നടത്തുന്നു. ലക്ഷങ്ങൾ സമ്പാദിക്കുന്നു. ഒന്നിനും കണക്കില്ല. ആരോടും കണക്ക് പറയേണ്ടതുമില്ല. ഇല്ലാത്ത സഭയുടേയും സഭാഹാളിന്റേയും പേരു പറഞ്ഞ് പണം പിരിക്കുന്നു. ഇതും കൊള്ളയടിക്കൽ തന്നെ.

എങ്ങനെയെങ്കിലും ഒരു വിസ സംഘടിപ്പിച്ച് ഗൾഫിലെത്തി പിരിവ് നടത്തുകയാണ് ഏറ്റവും എളുപ്പമുള്ള മാർഗ്ഗം. അമേരിക്കൻ വിസ കിട്ടിയാലുള്ള കഥ പറയുകയും വേണ്ട. ഇത്തരക്കാരുടെ ഉപദ്രവം ഗൾഫിൽ എല്ലായ്പ്പോഴും ഉണ്ടാകുന്നു. എന്നാൽ മെയ് മുതൽ നവംബർ വരെയുള്ള കാലത്താണ് അമേരിക്കയിൽ കൊള്ളക്കാർ അഴിഞ്ഞാടുന്നത്. പെന്തക്കോസ്ത് സമ്മേളനത്തിന് എത്തുന്നവരിൽ നല്ലൊരു പങ്ക് ഇത്തരക്കാരാണ്. ദൈവമക്കൾ രാവും പകലും കഠിനാധ്വാനം ചെയ്ത് ഉണ്ടാക്കുന്ന പണമാണ് ഈ കള്ളൻമാർ ഇങ്ങനെ തട്ടിയെടുക്കുന്നത്. ഇതിനെതിരെ പ്രതികരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

# സത്യം സത്യമായി

ഭരണത്തിൽ കയറിയതു മുതൽ സി.പി.എം. ചെന്നു ചാടാത്ത ഏടാകൂടങ്ങളില്ല. തൊട്ടതെല്ലാം പൊന്ന് എന്ന ചൊല്ല് തൊട്ടതെല്ലാം പൊല്ലാപ്പ് എന്ന് തിരുത്താവുന്ന നിലയിലാണ് കാര്യങ്ങൾ.

കഴിഞ്ഞ ഒരു മാസത്തെ കാര്യം തന്നെ ഉദാഹരണമായെടുക്കാം. വെട്ടിനിരത്തലിന്റെ ദുഷ്പേര് ഇടിച്ചു നിരത്തലിലൂടെ ഒഴിവാക്കാനുള്ള കനകാവസരമാണ് അച്യുതാനന്ദന് കിട്ടിയത്. അത് വിനിയോഗിക്കാൻ തുടങ്ങിയതോടെ പ്രശ്നങ്ങളും ആരംഭിച്ചു. എതിർപ്പ് പ്രതിപക്ഷത്തുനിന്നാണെങ്കിൽ അത് മനസ്സിലാക്കാം. പക്ഷേ സ്വന്തം പാളയത്തിൽ നിന്നാണ് മുഖ്യമന്ത്രിക്ക് ഏറ്റവും അധികം എതിർപ്പ് ഉണ്ടായത്. ഇടിച്ചു നിരത്തൽ വകയിൽ ലഭിച്ച എല്ലാ നല്ല പേരും നഷ്ടമായി. ഇപ്പോഴും അങ്ങിങ്ങ് ഇടിച്ചു നിരത്തുന്നുണ്ടെങ്കിലും പഴയ ആവേശമില്ല, ജനപിൻതുണയുമില്ല.

കൈയ്യേറ്റ ഭൂമിയിലുള്ള പാർട്ടി ഓഫീസുകൾ ഒഴിപ്പിക്കേണ്ടതില്ല എന്ന തീരുമാനം സർക്കാരിൽ ജനത്തിനുള്ള വിശ്വാസം നഷ്ടമാക്കി. ഇത്തരം ഒരു തീരുമാനം എടുപ്പിക്കാൻ സമ്മർദ്ദം ചെലുത്തിയ സി.പി.ഐക്ക് ഏറെ താമസിയാതെ മറിച്ച് പറയേണ്ടതായിവന്നു. പൊതുജനം മാത്രമല്ല കോടതിയും ഈ തീരുമാനത്തെ സംശയദൃഷ്ടിയോടെയാണ് വീക്ഷിച്ചത്. സർക്കാർ ഭൂമി കൈയ്യേറി ബഹുനില മന്ദിരങ്ങൾ ഉണ്ടാക്കിയിട്ട് ഒരു മുറിയിൽ ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെ ഓഫീസ് സ്ഥാപിച്ചാൽ ഇടിച്ചു നിരത്തലിൽ നിന്ന് രക്ഷപ്പെടാം എന്നു വരുന്നത് നിയമത്തെ കൊഞ്ഞനം കുത്തുന്ന പരിപാടിയാണ്. സാക്ഷര കേരളത്തിൽ ഇത് നടപ്പാകുമെന്ന് ഭരണകക്ഷിയിലുള്ളവർ സ്വപ്നം പോലും കാണരുതായിരുന്നു.

തൊഴിലാളി വർഗ്ഗത്തിന്റെ പാർട്ടിക്ക് ഇന്ന് കോടികളുടെ കഥയേ പറയാനുള്ളൂ. പത്രത്തിന്റെ തലപ്പത്തുള്ളയാൾ ഒരു കോടി രൂപ കൈക്കൂലി വാങ്ങുന്നു. ആർക്കുവേണ്ടി വാങ്ങി എന്ന് ചോദിക്കുന്നത് മഹാപാപമായി വ്യാഖ്യാനിക്കപ്പെടുന്നു. ലോട്ടറി മാഫിയ രണ്ടുകോടി രൂപ പാർട്ടി പത്രത്തിന് കടം കൊടുക്കുന്നു. അത് തികച്ചും നിയമപരവും സ്വാഭാവികവുമായ പരിപാടിയാണെന്ന് വ്യാഖ്യാനമുണ്ടാകുന്നു. ഇതിനൊക്കെ എതിരെ ശബ്ദിക്കുന്നവരെ വിഡ്ഢികളായി പ്രഖ്യാപിക്കുന്നു. സംഗതി ബഹു ജോറാകുന്നുണ്ട്. ഇക്കണക്കിനു പോയാൽ അഴിമതിയുടെ കാര്യത്തിൽ സി.പി.എം. കോൺഗ്രസ്സിനെ കടത്തി വെട്ടും.

വിമാനവിവാദം പി.ജെ ജോസഫിനെ വിടാതെ പിടികൂടിയിരിക്കയാണ്. വിട്ടാലും വിടാത്ത കമ്പിളിക്കെട്ട്. സന്ധ്യയുടെ റിപ്പോർട്ട് പുറത്താകാതിരിക്കാൻ സർക്കാർ പരമാവധി പരിശ്രമിച്ചെങ്കിലും വിവരാവകാശ കമ്മീഷൻ സമ്മതിച്ചില്ല. അങ്ങനെ റിപ്പോർട്ട് പുറത്തായി. മാദ്ധ്യമങ്ങൾ അത് ശരിക്കും ആഘോഷിച്ചു. മറുപടി പറയാനില്ലാതെ ജോസഫ് കുഴങ്ങി. വാർത്താസമ്മേളനം വിളിച്ച് ബബ്ബബ്ബ പറഞ്ഞു. അങ്ങനെ സന്ധ്യയായി. ഇനി എപ്പോഴാണ് ഉഷസ്സ് ആകുന്നത് എന്ന് കാത്തിരിക്കയാണ് ജോസഫ്.

ഒരു കാര്യവുമില്ലാതെ ബഹളം വച്ചുകൊണ്ടിരുന്ന ലീഡർക്കും പുത്രനും ഇപ്പോൾ കാര്യമുള്ള കാര്യങ്ങൾക്കുപോലും ബഹളമുണ്ടാക്കാനുള്ള ധൈര്യം ഇല്ലാതായിരിക്കുന്നു. ഒന്നാംതരം കോലാഹലങ്ങളുണ്ടാക്കാനുള്ള എത്രയെത്ര അവസരങ്ങളാണ് ഈയിടെ അവർ പാഴാക്കിയത്. ഏതു പക്ഷത്ത് നിൽക്കണം എന്ന് നിശ്ചയമില്ലാത്തതാണ് പ്രശ്നം. ഒരു പരിധിയിൽ അധികം ഇടതു പക്ഷത്തെ വിമർശിച്ചാൽ അവർ ബദ്ധ ശത്രുക്കളാകും. അതോടെ അങ്ങോട്ടുള്ള വഴി അടയും. ദേശീയതലത്തിൽ കോൺഗ്രസ്സിനൊപ്പമായതുകൊണ്ട് കോൺഗ്രസ്സിനെ വിമർശിക്കുന്നതിനും ചില നിയന്ത്രണങ്ങൾ പാലിക്കാതെ പറ്റില്ല. ആരെയെങ്കിലുമൊക്കെ വിമർശിച്ചില്ലെങ്കിൽ ഷൈൻ ചെയ്യാനും പറ്റില്ല. അങ്ങനെ ഒന്നും വയ്യാത്ത സ്ഥിതിയിലാണ് ലീഡർ ഇപ്പോൾ. ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്നു പറഞ്ഞതുപോലെ ആയി. കോൺഗ്രസ്സിൽ നിന്ന് ചാടിപ്പുറപ്പെട്ടപ്പോൾ ഇത്ര വലിയ ഗതികേട് ഉണ്ടാകുമെന്ന് സ്വപ്നം പോലും കണ്ടിരുന്നില്ല. ഇനി പറഞ്ഞിട്ട് ഫലമില്ലല്ലോ.

മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശനം ഇക്കൊല്ലവും നേരെചൊവ്വേ നടക്കുന്ന ലക്ഷണമില്ല. മേടിക്കാനുള്ള അവസരം നിഷേധിക്കുന്ന വിധത്തിലുള്ള സർക്കാർ നിലപാട് മാനേജ്മെന്റുകൾക്ക് സ്വീകാര്യമല്ല. മേടിക്കൽ കോളേജ് നടത്താൻ അനുവദിക്കയില്ല എന്ന് വിദ്യാർത്ഥി സംഘടനകളും പറയുന്നു. ഏതായാലും മാനേജ്മെന്റുകളുടെ പ്രവേശന പരീക്ഷ അലങ്കോലമായി. അഡ്മിഷൻ സമയത്തും പ്രശ്നം ഉണ്ടാകുമെന്നുറപ്പ്. വ്യക്തമായ ചട്ടങ്ങളും വ്യവസ്ഥകളുമില്ലാതെ, ചോദിച്ചവർക്കെല്ലാം കോളേജ് അനുവദിച്ചപ്പോൾ ഇത്തരം വയ്യാവേലികൾ ഉണ്ടാകുമെന്ന് അന്നത്തെ സർക്കാർ ഓർത്തില്ല. പക്ഷേ മുൻസർക്കാരിനെ പഴി പറഞ്ഞ് രക്ഷപ്പെടാൻ ഈ സർക്കാരിന് കഴിയുകയുമില്ല. ഏതായാലും പ്രശ്നം അത്ര എളുപ്പം പരിഹരിക്കാമെന്ന് തോന്നുന്നില്ല.

## ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.

*Please Visit:*

**www.tsbalan.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

 റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., പിൻ - 683542.



## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-3232356, 9447414608

# പീഡനവീരൻ തിരുമ്പി വന്താച്ച്

സ്ത്രീപീഡനം നടത്തി എട്ടു വർഷം മുൻപ് മുങ്ങിയ വീരൻ വീണ്ടും പൊങ്ങിയിരിക്കുന്നു. സംഭവം നടക്കുന്നത് കേരളത്തിന്റെ വടക്കൻ ജില്ലകളിലാണ്. കക്ഷിയുടെ പേര് ആദ്യം തന്നെ പറയാം: റവ.സാം വർഗീസ്. ഈ മാന്യദേഹം കുറേക്കാലമായി അമേരിക്കയിലായിരുന്നു. ഇന്ത്യയേക്കുറിച്ചുള്ള ആത്മഭാരം താങ്ങാനാവാതെ ഇപ്പോൾ മടങ്ങി എത്തിയിരിക്കയാണ്.

1999ൽ സുൽത്താൻ ബത്തേരിയിലാണ് ഈ റവറണ്ട് സ്ത്രീപീഡനം നടത്തിയത്. ചിത്രദേശം എന്ന പ്രാദേശിക പത്രത്തിന്റെ 1999 നവംബർ 30 (ചൊവ്വ) ലക്കത്തിൽ, ഒന്നാം പേജിൽ, പീഡനവാർത്ത ഉണ്ടായിരുന്നു. സംഭവം നടക്കുന്ന കാലത്ത് സാം വർഗീസിന് ഭാര്യയും മൂന്ന് കുട്ടികളും ഉണ്ടായിരുന്നു. ആ പ്രദേശത്ത് പ്രവർത്തിച്ചിരുന്ന ഒരു ബൈബിൾ സ്ക്കൂളിലെ വിദ്യാർത്ഥിനിയായ 18 കാരിയാണ് സാം വർഗീസിന്റെ പീഡനത്തിന് ഇരയായത്. വിവാഹം കഴിക്കാമെന്ന് വാക്കു പറഞ്ഞ് പ്രലോഭിപ്പിച്ച് പെൺകുട്ടിയെ വശത്താക്കി കണ്ണൂരിൽ കൊണ്ടുപോയി മൂന്നു ദിവസം പീഡിപ്പിക്കയായിരുന്നു. സംഭവം പുറത്തായതോടെ സാം വർഗീസ് മുങ്ങി. ഏറെ താമസിയാതെ അമേരിക്കയിലേക്ക് കടന്നു. ഇപ്പോഴാണ് മടങ്ങി വരുന്നത്.

കഴിഞ്ഞ സംഭവങ്ങളൊക്കെ ജനം മറന്നുകാണുമെന്ന ധൈര്യത്തിലാണ് സാം വർഗീസ് ഇപ്പോൾ റവറണ്ടായി ലാന്റ് ചെയ്തിരിക്കുന്നത്. ജൂൺ 11ന് കണ്ണൂരിൽ ഒരു ബൈബിൾ കോളേജിന്റെ അദ്ധ്യയനവർഷം ഈ ചങ്ങാതി ഉദ്ഘാടനം നടത്തി. പഴയ പണി ഈ ബൈബിൾ കോളേജിൽ നടത്തുമോ എന്നാണ് ഇനി അറിയേണ്ടത്.

# ചവറിൽ നോയമ്പും

ലോകമെങ്ങും സുവിശേഷം പ്രചരിപ്പിക്കുകയാണ് ചവറിന്റെ ലക്ഷ്യം എന്നാണ് കെ.സി.ജോൺ പറയുന്നത്. പക്ഷേ ചവർ പ്രചരിപ്പിക്കുന്ന സുവിശേഷത്തിൽ 25 നോയമ്പും 50 നോയമ്പും ഒക്കെയുണ്ടെന്ന് ഈയിടെ വ്യക്തമായി.

കുറെ അച്ചൻമാരും തിരുമേനിമാരും ഒക്കെയുള്ള ഒരു പ്രോഗ്രാമിലാണ് നോയമ്പിന്റെ മഹത്വം വാഴ്ത്തിപ്പാടിയത്. 25 നോയമ്പ്, 50 നോയമ്പ് തുടങ്ങിയവ ദൈവസഭയുടെ അവിഭാജ്യ ഘടകമാണെന്നും അവയിലൂടെ വലിയ അനുഗ്രഹമൊക്കെ പ്രാപിക്കാൻ നമുക്ക് കഴിയുമെന്നും പ്രസംഗകൻ വ്യക്തമാക്കി. നോയമ്പും അതിലൂടെ ലഭിക്കുന്ന അനുഗ്രഹവും ആയിരുന്നു ആ പരിപാടിയുടെ മുഖ്യ വിഷയം. (ഇതാകുന്നൂ ചവറിന്റെ സുവിശേഷം).

നോയമ്പ് മാത്രമല്ല വിഗ്രഹാരാധന, അന്യദൈവസ്തുതി തുടങ്ങി പലതും ചവറിൽ പതിവായി നടക്കുന്നുണ്ട്. പണം കൊടുക്കുന്ന ആർക്കും ചവറിൽ പരിപാടി അവതരിപ്പിക്കാം. എന്തു പരിപാടിയാണ്, ദൈവവചനവുമായി പൊരുത്തപ്പെടുന്നതാണോ, പ്രേക്ഷകരെ വഴി തെറ്റിക്കുന്നതാണോ തുടങ്ങിയ ചോദ്യങ്ങളൊന്നും ഇല്ല.

ദൈവം കൊടുത്ത ദർശനം അനുസരിച്ചാണ് ചവർ ചാനൽ തുടങ്ങിയതെന്നും ദൈവമാണ് ഇതിനെ നിലനിർത്തുന്നതെന്നും ഒക്കെയാണ് കെ.സി.ജോണും കൂട്ടരും പറയുന്നത്. പക്ഷേ ദുരുപദേശപ്രചരണം നടത്താൻ ദർശനം കൊടുക്കുന്ന ദൈവം ഏതായാലും കർത്താവായ യേശുക്രിസ്തുവല്ലെന്നു തീർച്ച.



# ഹൂസ്റ്റൺ ഐ.പി.സി അടിപീസിയായി

അമേരിക്കയിലെ പ്രമുഖ ഐ.പി.സി സഭകളിൽ ഒന്നായ ഹൂസ്റ്റൺ (ഹെബ്രോൻ) സഭ ഇപ്പോൾ സാക്ഷാൽ അടിപീസി ആയിരിക്കയാണ്. അടുത്ത കാലം വരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഈ സഭയിൽ പാസ്റ്ററും ചില കുടുംബക്കാരും തമ്മിലുള്ള അധികാര വടംവലിയാണ് പ്രശ്നത്തിന് വഴിവെച്ചത്.

മൂന്നു വർഷത്തേക്ക് നിയമിതനായ പാസ്റ്റർ കെ.സി. ചാക്കോ ഏഴു വർഷമായിട്ടും വിട്ടു പോയില്ല. ഇതിൽ ചിലർക്ക് എതിർപ്പുണ്ടായിരുന്നു. അതിനിടയിലാണ് സാക്ഷാൽ കെ.സി. ജോൺ ചവറിന്റെ പ്രചരണവുമായെത്തിയത്. ഇതുമായി പാസ്റ്റർ സഹകരിച്ചില്ല. അതോടെ കെ.സി.ജോൺ സഭയിൽ ഭിന്നത ഉണ്ടാക്കാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു.

രണ്ടു മാസം മുൻപ് പാസ്റ്റർ രാജിവെച്ച് ഒഴിഞ്ഞു. പകരക്കാരനായി കോട്ടയത്തുനിന്നും എത്തിയ വർഗീസ് പാസ്റ്ററുടെ നിയന്ത്രണത്തിൽ നിൽക്കാത്തത്ര ഗുരുതരമാണ് ഇപ്പോൾ ഈ സഭയിലുള്ള പ്രശ്നങ്ങൾ. സഭയെ തങ്ങളുടെ വരുതിയിൽ നിർത്താൻ മൂന്നു കുടുംബങ്ങൾ നടത്തുന്ന തൊഴുത്തിൽ കുത്താണ് എല്ലാ പ്രശ്നങ്ങളുടേയും മൂലകാരണം എന്ന് പറയപ്പെടുന്നു. ഏതായാലും നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഈ സഭ കെ.സി. ജോണിന്റേയും മുൻപാസ്റ്ററുടേയും ദുഷ്പ്രവൃത്തിമൂലം താറുമാറായിരിക്കയാണ്.

# ചുമ്മാ ഡോ. കോശി ഏബ്രഹാമിനെ അവഗണിക്കുക

പറഞ്ഞു കേൾക്കുന്ന ഏതു വാക്കിനും മറുപടി പറയാൻ ദൈവമക്കൾ തുനിയരുത്. അതുപോലെ മാർക്കറ്റിലുള്ള എല്ലാ പുസ്തകത്തിനും മറുപടി പറയാൻ ശ്രമിക്കുന്നതും ശരിയല്ല. ദൈവമക്കളെ വഴിതെറ്റിക്കുന്നത്ര ഗുരുതരമായ ദുരുപദേശങ്ങൾ ഉള്ളവയ്ക്ക് മറുപടി പറയണം. അല്ലാത്തവ അവഗണിക്കണം.

പ്രജാപതിയെന്ന അന്യദൈവം ദൈവമക്കളിൽ ചെലുത്തിയ സ്വാധീനം ചെറുതായിരുന്നില്ല. പ്രജാപതിയേക്കുറിച്ച് പറഞ്ഞു കേൾക്കുന്ന എന്തും വിശ്വസിച്ചു പോകുന്ന സ്ഥിതിയിലായിരുന്നു ദൈവമക്കൾ. അതുകൊണ്ട് കോശി ഏബ്രഹാം, പടിഞ്ഞാറേക്കര തുടങ്ങിയവർ പ്രജാപതിയേക്കുറിച്ച് എഴുതിയതിനെ എതിർക്കേണ്ടത് ആവശ്യവുമായിരുന്നു. നിരന്തര പോരാട്ടത്തിലൂടെ പ്രജാപതിയെ പെന്തക്കോസ്തിൽ നിന്ന് ഔട്ടാക്കാനും കഴിഞ്ഞു. ഇപ്പോൾ ചുമ്മാഡോ കോശി ഏബ്രഹാം എഴുതിയിരിക്കുന്ന പുസ്തകം ശുദ്ധ വിഡ്ഢിത്തമാണെന്ന് എല്ലാ ദൈവമക്കൾക്കും പരസഹായം കൂടാതെ ഗ്രഹിക്കാൻ കഴിയും. അതുകൊണ്ട് ഈ പുസ്തകം വായിച്ച് ദൈവമക്കൾ വഴിതെറ്റുകയുമില്ല. ആകയാൽ ഈ പുസ്തകത്തെ വിമർശിച്ച് അനാവശ്യ പ്രസിദ്ധി ഉണ്ടാക്കിക്കൊടുക്കുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും. അതുകൊണ്ട് കോശി ഏബ്രഹാമിനെ അവഗണിക്കുക.

# നൈജീരിയൻ 419 തട്ടിപ്പ് വ്യാപകം

ഡിഫെൻഡർ പലവട്ടം മുന്നറിയിപ്പ് കൊടുത്തിട്ടും 419 എന്ന പേരിൽ അറിയപ്പെടുന്ന നൈജീരിയൻ തട്ടിപ്പിന് നൂറുകണക്കിന് ആളുകൾ ഇരയാകുന്നതായി അറിയുന്നു. അതുകൊണ്ട് ഈ വിഷയത്തേക്കുറിച്ച് ഒരിക്കൽക്കൂടി എഴുതുകയാണ്.

ഇന്ത്യൻ പീനൽ കോഡിൽ 420-ാം വകുപ്പാണ് ചതിയുമായി ബന്ധപ്പെട്ട് കൊടുത്തിരിക്കുന്നത്. നൈജീരിയയിലും മറ്റ് നിരവധി രാജ്യങ്ങളിലും ഇത് 419-ാം വകുപ്പാണ്. അതുകൊണ്ടാണ് ഇതിന് 419 തട്ടിപ്പ് എന്ന് പറയുന്നത്. വ്യാജ വാഗ്ദാനം നൽകി പണം തട്ടുകയാണ് ഈ തട്ടിപ്പിലൂടെ ചെയ്യുന്നത്. ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം:

ഒരു ദിവസം നിങ്ങൾക്ക് ഒരു കത്തോ ഫാക്സോ ഈമെയിലോ കിട്ടുന്നു. അനേക കോടി രൂപ ഒരാൾ നിങ്ങൾക്ക് സംഭാവന ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. അല്ലെങ്കിൽ പണം നിങ്ങളുടെ അക്കൗണ്ടിലൂടെ മാറി എടുക്കുന്നതിന് സഹായിച്ചാൽ വലിയൊരു തുക കമ്മീഷൻ തരും. നിങ്ങൾ പാസ്റ്ററാണെങ്കിൽ വിദേശത്ത് പാസ്റ്റർ ഉദ്യോഗം വാഗ്ദാനം ചെയ്തായിരിക്കും മെയിൽ ലഭിക്കുക. (അഞ്ചാം പേജിലെ വാർത്ത ശ്രദ്ധിക്കുക. കള്ളപ്രവാചകനായ മനുവിന് ഇത്തരത്തിൽ ഒരു ഈമെയിൽ കിട്ടിയെന്നാണ് അറിവ്). ലോട്ടറി അടിച്ചെന്നു പറഞ്ഞ് ഈമെയിൽ ലഭിച്ചെന്നും വരാം. ഏതു വിധത്തിലായാലും വലിയൊരു തുക നിങ്ങൾക്ക് മുതൽ മുടക്ക് കൂടാതെ ലഭിക്കും.

ദ്രവ്യാഗ്രഹം സകല ദോഷത്തിനും കാരണമാണല്ലോ. ദൈവവചനം നൽകുന്ന മുന്നറിയിപ്പ് അവഗണിച്ചുകൊണ്ട് നിങ്ങൾ മറുപടി അയയ്ക്കുന്നു. പണം സ്വീകരിക്കാൻ തയ്യാർ. പണം ഒരു സെക്യൂരിറ്റി ഏജൻസിയെ ഏല്പിച്ചതായുള്ള അറിയിപ്പാകും അടുത്തതായി ലഭിക്കുക. ഏറെ താമസിയാതെ സെക്യൂരിറ്റി ഏജൻസി നിങ്ങളുമായി ബന്ധപ്പെടുന്നു. പണം റെഡി. വാങ്ങാൻ തയ്യാറാണോ? നിങ്ങൾ പണ്ടേ തയ്യാറാണല്ലോ.

ഇത്രയുമാകുമ്പോൾ ഒരു ചിന്ന പ്രശ്നം. സെക്യൂരുറ്റി ഏജൻസിക്ക് അവരുടെ സർവ്വീസ് ചാർജ് കിട്ടണം. അത് ലഭിച്ചാലുടൻ പണം നിങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ എത്തും. ദ്രവ്യാഗ്രഹം കൊണ്ട് കണ്ണു കാണാതായ നിങ്ങൾ സർവ്വീസ് ചാർജ് കൊടുക്കാനും റെഡി. തുക എത്രയാണെന്ന് അറിയിക്കാൻ ആവശ്യപ്പെടും. ഉടൻ മറുപടി കിട്ടും: വെറും അയ്യായിരം ഡോളർ, അല്ലെങ്കിൽ പതിനായിരം ഡോളർ. കിട്ടാൻ പോകുന്നത് കോടികളാണ്. അതുമായി തട്ടിച്ചു നോക്കുമ്പോൾ ഈ സർവ്വീസ് ചാർജ് എത്ര നിസ്സാരം. പണം ഡോളറായോ അതിനു തുല്യമായ ഇന്ത്യൻ രൂപയായോ സെക്യൂരിറ്റി ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിൽ അടച്ചാൽ മതിയാകും.

കിട്ടാവുന്നിടത്തുനിന്നെല്ലാം പണം കടം വാങ്ങി നിങ്ങൾ സർവ്വീസ് ചാർജ് അവരുടെ അക്കൗണ്ടിൽ അടയ്ക്കും. എന്നിട്ട് കോടികൾ പറന്നു വരുന്നതും കാത്ത്, ഉണ്ണാതെ ഉറങ്ങാതെ ഇരിക്കും. ആ കാത്തിരിപ്പ് അനന്തമായി നീളും. കബളിപ്പിക്കപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ മനസ്സിലാക്കുന്നത് വളരെ വൈകിയായിരിക്കും. ഈ ചതിയിൽ പെട്ട് ധനനഷ്ടവും മാനഹാനിയും ഉണ്ടായവർ നിരവധി. എന്നിട്ടും ദൈവമക്കൾ പാഠം പഠിക്കുന്നുമില്ല.



# ജീവകാരുണ്യ വ്യവസായം പൊടിപൂരം

കുറഞ്ഞ മുതൽ മുടക്കിൽ പരമാവധി ലാഭമുണ്ടാക്കാവുന്ന പെന്തക്കോസ്ത് വ്യവസായം ഏത് എന്നു ചോദിച്ചാൽ രണ്ടുവട്ടം ആലോചിക്കാതെ മറുപടി പറയാം: ജീവകാരുണ്യം.

ജീവകാരുണ്യം വ്യവസായമാണോ എന്ന് സംശയം തോന്നാം. ജീവകാരുണ്യം വ്യവസായമല്ല. പക്ഷേ പെന്തക്കോസ്തിലെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഭൂരിപക്ഷവും വ്യവസായം മാത്രമാണ്. കാര്യമായ മുതൽ മുടക്ക് കൂടാതെ പണം തട്ടാനുള്ള വഴി.

ഉദാഹരണമായി ശാരോന്റെ വകയായി മലബാറിലുള്ള അനാഥശാലയുടെ കാര്യം എടുക്കുക. അറുപത് ഏക്കറിലധികം വരുന്ന ഭൂസ്വത്ത് അവിടെയുണ്ട്. അതിൽ നിന്ന് ലഭിക്കുന്ന വരുമാനം ഊഹിക്കാവുന്നതേയുള്ളൂ. അനാഥശാലയെന്ന പേരിൽ ഏതാനും കുട്ടികളെ തീറ്റിപ്പോറ്റുന്നുണ്ട്. ബാക്കി പണം പെണ്ണൂട്ടിയുടെ പോക്കറ്റിലേക്ക് പോകുന്നു. ആർക്കും കണക്ക് കൊടുക്കേണ്ട. ആരും കണക്ക് ചോദിക്കുന്നുമില്ല. പരമസുഖം.

ഇത്തരത്തിലുള്ള ഒട്ടേറെ അനാഥശാലകൾ ഇന്ത്യയുടെ പല ഭാഗങ്ങളിലായി പെന്തക്കോസ്തുകാർ നടത്തുന്നുണ്ട്. അവയിൽ ചിലത് നല്ല നിലയിൽ പ്രവർത്തിക്കുന്നുമുണ്ട്. ബാക്കിയുള്ളവ വെറും വ്യവസായം മാത്രമാണ്. മറ്റൊരു പണിയും ഇല്ലാത്തവർ ഒരു അനാഥശാല തുടങ്ങും. എവിടെനിന്നെങ്കിലും നാലഞ്ച് കുട്ടികളെ കൊണ്ടുവന്ന് പാർപ്പിക്കും. പിന്നീട് പിരിവ് ആരംഭിക്കും. രസീത് കൊടുത്തും കൊടുക്കാതെയും പിരിക്കും. ഇല്ലാത്ത അനാഥശാലയുടെ പേരിൽ പിരിക്കുന്നവരുമുണ്ട്. തമിഴ്നാട്ടിലെ ഉസലംപെട്ടിയിൽ അനാഥശാല ഉണ്ടെന്നു പറഞ്ഞ് പിരിവ് നടത്തി ഉപജീവനം കഴിച്ചുവരുന്ന ഒരു പാസ്റ്ററേയും അറിയാം.

സഭയും മറ്റു പ്രവർത്തനങ്ങളും ഉള്ള നേതാക്കൻമാരും അനാഥശാല നടത്താറുണ്ട്. പണമുണ്ടാക്കാനുള്ള അനന്തമായ സാദ്ധ്യതകളാണ് അനാഥശാലയിലൂടെ തുറന്ന് കിട്ടുന്നത്. ചിലർ അനാഥശാലയിൽ ആരംഭിച്ച് സഭയും ബൈബിൾ കോളേജും മറ്റുമായി വളരുകയായിരുന്നു.

സ്ക്കൂൾ തുറക്കുന്ന സമയത്ത് മാത്രം സജീവമാകുന്ന ജീവകാരുണ്യക്കാരുമുണ്ട്. നൂറു പേർക്ക് കുട കൊടുത്തു, 200 കുട്ടികൾക്ക് ബാഗ് കൊടുത്തു എന്നൊക്കെ പത്രത്തിന്റെ ഒന്നാം പേജിൽ അടിച്ചു വിടുകയും ചെയ്യും. മന്ത്രിയോ എം.എൽ.എയോ വന്ന് ഉദ്ഘാടനം നടത്തിയാകും കിത്താബ് വിതരണം. യോഗം നടത്താൻ ചെലവ് മുപ്പതിനായിരം, വിതരണം ചെയ്ത കുടകളുടെ ആകെ വില അയ്യായിരം എന്നിങ്ങനെയാകും കണക്ക്.

പുസ്തകം കൊടുക്കുകയോ, വീട് വെച്ച് കൊടുക്കുകയോ, വിവാഹസഹായം നൽകുകയോ എന്തുതന്നെ ആയാലും ഉദ്ഘാടനം വേണം. മന്ത്രി വേണം. മന്ത്രി ഇല്ലെങ്കിൽ എം.എൽ.എ എങ്കിലും വേണം. ഫോട്ടോ എടുക്കണം. പത്രത്തിൽ കൊടുക്കണം. ഈ പടങ്ങളെല്ലാം ആൽബത്തിലാക്കി വയ്ക്കണം. ഭിത്തിയിലും തൂക്കണം. എങ്കിലല്ലേ ''ഫോർ പീപ്പിൾ'' അറിയൂ.

വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുത് എന്നതായിരുന്നു കർത്താവായ യേശുക്രിസ്തുവിന്റെ നിർദ്ദേശം. കർത്താവിന്റെ ദാസൻമാർ അത് ഇന്നും അക്ഷരം പ്രതി അനുസരിക്കുന്നുമുണ്ട്. അർഹിക്കുന്നവരെ അതീവ രഹസ്യമായി സഹായിക്കുന്ന ഒട്ടേറെ ദൈവമക്കളുണ്ട്. അവർ ചെയ്യുന്നത് ആരും അറിയാറില്ല, അറിയിക്കാറുമില്ല. ദൈവമക്കൾ മാത്രമല്ല കർത്താവായ യേശുക്രിസ്തുവിനെ അറിയാത്തവർ പോലും ഇങ്ങനെ അതീവ രഹസ്യമായി അർഹിക്കുന്നവരെ സഹായിക്കാറുണ്ട്. പക്ഷേ ഭൂരിപക്ഷം പെന്തക്കോസ്തുകാർക്കും ജീവകാരുണ്യ പ്രവർത്തനം ചെണ്ടയില്ലാതെ നടത്താനാവില്ല.



# ഡിഫെൻഡർ മറുപടി പറയുന്നു

**?** യേശുക്രിസ്തുവിന്റേയും മഗ്ദലന മറിയത്തിന്റേയും കല്ലറ കണ്ടെത്തിയതായി ഒരു ദേശീയ ഇംഗ്ലീഷ് ദിനപ്പത്രത്തിൽ വായിച്ചു. ഇതേപ്പറ്റി ഡിഫെൻഡർ പ്രതികരിക്കണം.

■ ഇത്തരം വാർത്തകൾ ആദ്യമായല്ല പ്രചരിക്കുന്നത്. കർത്താവായ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന വസ്തുത മൂടിവെയ്ക്കേണ്ടത് സാത്താന്റെ ആവശ്യമാണ്. അതിന് ആവശ്യമായതെല്ലാം സാത്താൻ ചെയ്യും.

ശിഷ്യൻമാർ യേശുവിന്റെ ശരീരം മോഷ്ടിച്ചിട്ട് അവൻ ഉയിർത്തു എന്ന് പ്രചരിപ്പിക്കുകയാണ് ചെയ്തത് എന്നൊരു കഥ ആദ്യകാലത്തുതന്നെ പ്രചാരത്തിലുണ്ടായിരുന്നു. അത് വിശ്വസിക്കാൻ നിരവധി ആളുകൾ തയ്യാറായി. എങ്കിലും സാത്താൻ പടച്ചുവിട്ട ആ ഭോഷ്ക്കിന്റെ സത്യത്തെ മറയ്ക്കാൻ കഴിഞ്ഞില്ല.

യേശു ക്രൂശിൽ മരിച്ചില്ലെന്നും മൃതപ്രായനായ യേശുവിനെ മരിച്ചവനായി തെറ്റിദ്ധരിച്ച് അടക്കം ചെയ്യുകയാണ് ഉണ്ടായതെന്നും ഒരു കഥയുണ്ട്. ആരോഗ്യം വീണ്ടുകിട്ടിയശേഷം യേശു കാശ്മീരിൽ എത്തി വിവാഹം കഴിച്ചെന്നും മരണശേഷം കാശ്മീരിൽ അടക്കിയെന്നും പറയപ്പെടുന്നു. യേശുവിന്റേതെന്നു പറയുന്ന കല്ലറപോലും കാശ്മീരിലുണ്ട്.

മഗ്ദലന മറിയം യേശുവിന്റെ ഭാര്യയായിരുന്നെന്നും ആ ബന്ധത്തിൽ യേശുവിന് മക്കളുണ്ടായിരുന്നെന്നും മറ്റുമുള്ള കഥ വളരെക്കാലമായി പ്രചാരത്തിലുണ്ട്. ഒട്ടേറെ വിവാദങ്ങൾക്ക് ഇത് വഴിവെച്ചിട്ടുമുണ്ട്. അടുത്ത കാലത്തുണ്ടായ ഡാവിഞ്ചി കോഡ് വിവാദം മറക്കാറായിട്ടില്ല.

യേശുവിനെ ക്രൂശിച്ചിട്ടും സാത്താന്റെ പക അടങ്ങിയിട്ടില്ല. അവനെ പൂർണ്ണമായി ഇല്ലാതാക്കിയാൽ മാത്രമേ സാത്താന് നിലനിൽപ്പുള്ളൂ. അതിനുള്ള ശ്രമത്തിലാണ് സാത്താൻ. യേശു ഉയിർക്കാതിരിക്കാൻ ആവതെല്ലാം അവൻ ചെയ്തിരുന്നു. പക്ഷേ അവന്റെ കണക്കുകൂട്ടൽ തെറ്റി. യേശു ഉയിർത്തു. അന്നു മുതൽ അവൻ യേശുവിനെതിരെ യുദ്ധം ചെയ്തുവരുന്നു. കള്ളക്കഥകൾ ചമച്ച് യേശുവിനെ അവഹേളിക്കാനുള്ള ശ്രമങ്ങൾ ഈ വിധത്തിൽ ഉണ്ടാകുന്നതാണ്.

യേശുവിന്റേയും മഗ്ദലന മറിയത്തിന്റേയും കല്ലറകൾ കണ്ടെടുത്തു എന്നു പറയുന്നത് സാത്താൻ ഉണ്ടാക്കുന്ന മറ്റൊരു കള്ളക്കഥയാണ്. പാലസ്റ്റീൻ നാട്ടിൽ രണ്ടു കല്ലറകൾ കണ്ടെത്തുക എന്നത് അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല. സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ആയിരക്കണക്കിനു കല്ലറകൾ അവിടെയുണ്ട്. അവയിൽ രണ്ടെണ്ണം ചൂണ്ടിക്കാട്ടി യേശുവിന്റെ കല്ലറ, മഗ്ദലന മറിയത്തിന്റെ കല്ലറ എന്നിങ്ങനെ പറയാൻ വലിയ ബുദ്ധിമുട്ടില്ല. ഇപ്പോൾ സംഭവിച്ചിരിക്കുന്നതും ഇതുതന്നെ.

ഈ വിവാദത്തിന് ആധാരം The Lost Tomb of Jesus എന്ന പേരിൽ Simcha Jacobivici നിർമ്മിച്ച് ഡിസ്കവറി ചാനലിൽ സംപ്രേക്ഷണം ചെയ്ത ഒരു ഡോക്യുമെന്ററിയാണ്. 1980 മുതൽ ഈ വിവാദത്തിന് ആധാരമായ ശവക്കല്ലറയും മറ്റും നിലവിലുണ്ടെങ്കിലും ഈ ഡോക്യുമെന്ററിയിലൂടെയാണ് ഇത് ജനശ്രദ്ധ നേടിയത്. യേശുക്രിസ്തു, മഗ്ദലനമറിയം തുടങ്ങിയവരുടെ ശവക്കല്ലറകൾ കണ്ടെത്തിയിരിക്കുന്നു എന്നതാണ് ഈ ഡോക്യൂമെന്ററിയുടെ ഇതിവൃത്തം. കേരളത്തിലെ പെന്തക്കോസ്ത് പത്രങ്ങൾ ഈ വാർത്ത കേൾക്കാതിരുന്നത് ഭാഗ്യം. കേട്ടിരുന്നെങ്കിൽ ഒന്നാം പേജിൽ വാർത്തയാക്കുകയും ഒരു പ്രതിഷേധയോഗം കൂടുകയും യേശു സംരക്ഷണ സമിതി ഉണ്ടാക്കുകയും ചെയ്യുമായിരുന്നു.

ഡോക്യുമെന്ററിക്ക് ആധാരം ഒരു കുടുംബ കല്ലറയിൽ കാണപ്പെട്ട ലിഖിതങ്ങളാണ്. "Jesus Son of Joseph" എന്ന് ഒരു ഫലകത്തിലും 'Mariamene e Mara' (മഗ്ദലനമറിയം) എന്ന് മറ്റൊരു ഫലകത്തിലും കാണുന്നു. കൂടാതെ, "Judah Son of Jesus" എന്ന് എഴുതിയ ഒരു ഫലകവുമുണ്ട്. ജോസഫിന്റെ മകനായ യേശു എന്നത് യേശുക്രിസ്തുവാണ് എന്നത്രേ വാദം. മാത്രമല്ല, യേശുവിന്റെ ഭാര്യയായിരുന്നു മഗ്ദലന മറിയമെന്നും യൂദാ എന്ന പേരിൽ അവർക്ക് ഒരു കുട്ടി ഉണ്ടായിരുന്നു എന്നും ഒക്കെയാണ് വാദം. ഈ ഫലകങ്ങൾ കൃത്രിമമായി ഉണ്ടാക്കിയതാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല, ഇവിടെ പരാമർശിക്കപ്പെടുന്നത് ആരേക്കുറിച്ചാണെന്നും തെളിയിക്കണം. കല്ലറയിൽ നിന്നും ലഭിച്ചതായി പറയപ്പെടുന്ന അസ്ഥികൾ പരിശോധിച്ച് കാലപ്പഴക്കം നിർണ്ണയിക്കണം. ഇങ്ങനെ ഒട്ടേറെ ശാസ്ത്രീയ പഠനങ്ങൾക്കു ശേഷം മാത്രമേ ഈ വാദത്തിൽ എന്തെങ്കിലും കഴമ്പുണ്ടോ എന്ന് പറയാൻ കഴിയൂ.

അസ്ഥികൾക്ക് രണ്ടായിരത്തോളം വർഷത്തെ പഴക്കമുണ്ടെന്നു തെളിഞ്ഞാൽ കൂടുതൽ അന്വേഷണം നടത്താം. പക്ഷേ യേശു, യോസഫ്, മറിയം, യൂദാ തുടങ്ങിയ പേരുകൾ അക്കാല ത്ത് യഹൂദൻമാർ സർവ്വസാധാരണമായി ഉപയോഗിച്ചിരുന്നു. അതുകൊണ്ട് ജോസഫിന്റെ മകനായി യേശു എന്നൊരാൾ ഉണ്ടാകുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമല്ല. ആ വ്യക്തിക്ക് മഗ്ദലനക്കാരത്തിയായ ഒരു മറിയയെ വിവാഹം കഴിക്കുന്നതിനോ അവർക്ക് യൂദാ എന്ന പേരിൽ ഒരു കുട്ടി ഉണ്ടാകുന്നതിനോ തടസ്സമില്ല. ഈ വസ്തുതകൾ മനസ്സിൽ വെച്ചുകൊണ്ടു വേണം ഈ വിഷയം പഠനവിധേയമാക്കാൻ.

കർത്താവായ യേശുക്രിസ്തു കാൽവറിയിൽ മരിച്ചു എന്നതും മൂന്നാംനാൾ ഉയിർത്തു എന്നതും വസ്തുതയാണ്, ചരിത്രസംഭവമാണ്. ഇങ്ങനെ സംഭവിച്ചിട്ടില്ല എന്ന് തെളിയിക്കാൻ സാത്താൻ ശ്രമിച്ചുകൊണ്ടിരിക്കും. പക്ഷേ ആരുടേയെങ്കിലും കല്ലറയോ അസ്ഥിയോ കിട്ടിയതുകൊണ്ട് ഈ വസ്തുത ഭോഷ്ക്കാകുകയില്ല, വിശ്വാസ ജീവിതത്തെ ബാധിക്കയുമില്ല.


## – 100 പ്രസംഗങ്ങൾ –
## റിക്കാഡിംഗ് പുരോഗമിക്കുന്നു

100 പ്രസംഗങ്ങൾ – 100 മണിക്കൂർ. എം.പി.3 ഫോർമാറ്റ്
പ്രസിദ്ധീകരണം: 2007 ജൂലൈ 31.
മുഖവില: 1000 രൂപ.
ഇപ്പോൾ പണമടക്കുന്നവർക്ക് 750 രൂപ മാത്രം.

## പ്രഭാതധ്യാനം

20 മിനിട്ട് വീതം ദൈർഘ്യമുള്ള 365 ലഘു പ്രസംഗങ്ങൾ
2008ലെ ഓരോ മാസത്തിനും ഓരോ എം.പി.3 സി.ഡി.
പ്രസിദ്ധീകരണം: 2007 ഡിസംബർ 15
ആകെ 12 സി.ഡികൾ. മുഖവില: 1200 രൂപ.
ഇപ്പോൾ പണമടയ്ക്കുന്നവർക്ക് 850 രൂപ മാത്രം

100 പ്രസംഗങ്ങൾ + പ്രഭാതധ്യാനം: മുഖവില: 2200 രൂപ
ഇപ്പോൾ പണമടച്ചാൽ 1500 രൂപ മാത്രം
വില ചെക്ക്/ഡി.ഡി/മണിയോർഡർ ആയി അയയ്ക്കുക.

വിലാസം:
**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**
ഫോൺ: 0484-3232356, 9447414608

# അജ്ഞന്റെ സുവിശേഷവും യേശുവിന്റെ സുവിശേഷവും

കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം, മറ്റ് സുവിശേഷങ്ങൾ എന്നിവ ഒന്നാം നൂറ്റാണ്ടു മുതൽ ഉണ്ടായിരുന്നു. ഇപ്പോഴുമുണ്ട്. സംശയമുള്ളവർ അജ്ഞന്റെ സുവിശേഷം കേൾക്കുക:

''സുവിശേഷം പ്രഘോഷിക്കുന്നവരെ സഭകൾക്കതീതമായി സ്നേഹിക്കാൻ കഴിയണം. ക്രിസ്തുവിനെ പ്രസംഗിക്കുന്നവർ ഒരേ യജമാനന്റെ ദാസൻമാരാണ്. ഡിവൈൻ ധ്യാനകേന്ദ്രത്തിനെതിരെ വന്ന ദുഷ്പ്രചരണങ്ങളിൽ ഞങ്ങളും വേദനിക്കുന്നു''.

ഡിവൈനിൽ പ്രസംഗിക്കുന്നത് ഉൾപ്പെടെയുള്ളതെല്ലാം അജ്ഞന് സത്യസുവിശേഷമാണ്. ഈ സുവിശേഷം പ്രസംഗിക്കുന്നവർ ദൈവദാസൻമാരുമാണ്. പക്ഷേ ദൈവവചനം ഇതല്ല പറയുന്നത്. കൂദാശകൾ കൂടാതെ രക്ഷ പ്രാപിക്കാൻ ആവില്ല, രക്ഷയ്ക്ക് മറിയത്തിന്റെ മദ്ധ്യസ്ഥത ഒഴിവാക്കാനാവില്ല, ഈ ഭൂമിയിൽ വെച്ച് രക്ഷിക്കപ്പെടാൻ ആവില്ല തുടങ്ങി രക്ഷയെ ബാധിക്കുന്ന കഠിനമായ ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന കത്തോലിക്കാസഭ പ്രസംഗിക്കുന്നത് സത്യസുവിശേഷമല്ല, ആകാൻ കഴിയുന്നതുമല്ല.

കർത്താവിനെ അറിയാത്തവരും കർത്താവ് അറിയാത്തവരും യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രസംഗിക്കും. വലിയ അത്ഭുതവും അടയാളവും മറ്റും നടത്തും. പക്ഷേ ''ഞാൻ നിങ്ങളെ ഒരുനാളും അറിഞ്ഞിരുന്നില്ല'' എന്ന് കർത്താവ് അവരോട് പറയുകയും ചെയ്യും. ഇങ്ങനെ പറഞ്ഞത് ഡിഫെൻഡറല്ല കർത്താവായ യേശുക്രിസ്തുവാണ്.

കത്തോലിക്കാസഭ പ്രസംഗിക്കുന്ന സുവിശേഷം രക്ഷയ്ക്ക് മതിയായതാണെങ്കിൽ അച്ചൻകുഞ്ഞ് അംഗമായിരിക്കുന്ന ഐ.പി.സി പിരിച്ചുവിടണം. മഹതിയാം ബാബിലോൺ എഴുതിയ കെ.ഇ.ഏബ്രഹാമിന്റെ പിൻതലമുറ പിതാവിന്റെ തെറ്റിന് കത്തോലിക്കാസഭയോട് മാപ്പുപറയണം.

മാർതോമ്മാ സഭയ്ക്ക് കുറഞ്ഞപക്ഷം പാസ്സ് മാർക്കെങ്കിലും കൊടുക്കാൻ കഴിയുമെങ്കിൽ അച്ചൻകുഞ്ഞ് മാർതോമ്മാ സഭ വിട്ട് പെന്തക്കോസ്തിൽ എത്തിയതെന്തിനെന്ന് വ്യക്തമാക്കണം. അറിവില്ലായ്മയുടെ കാലത്ത് ചെയ്തുപോയ ഒരു അബദ്ധമാണതെന്നാണ് വാദമെങ്കിൽ അത് തുറന്നു പറയണം.

(ടി.എസ്.ബാലൻ തന്റെ സുഹൃത്താണെന്നും തനിക്കെതിരെ ബാലൻ എഴുതുന്നത് താനുമായുള്ള മുൻധാരണയുടെ അടിസ്ഥാനത്തിലാണെന്നും അച്ചൻകുഞ്ഞ് പലരോടും പറഞ്ഞതായി അറിഞ്ഞു. അതുകൊണ്ട് പറയട്ടെ: അച്ചൻകുഞ്ഞ് ടി.എസ്.ബാലൻ എന്ന ഈയുള്ളവന്റെ സുഹൃത്തായിരുന്നു. ഇയാൾ യൂദാസിന്റെ പുതിയ പതിപ്പാണെന്ന് വ്യക്തമായപ്പോൾ ആ ബന്ധം ഞാൻ ഉപേക്ഷിച്ചു. ഇപ്പോൾ അച്ചൻകുഞ്ഞ് എന്റെ സ്നേഹിതനല്ല).

# പി.ജി.വർഗീസിനോട് യോജിക്കുന്നു വിയോജിക്കുന്നു

പ്രസംഗകർ ശ്രദ്ധിക്കേണ്ട സംഗതികളേക്കുറിച്ച് ബ്രദർ പി.ജി.വർഗീസ് മരുപ്പച്ചയിൽ എഴുതിയ ലേഖനം വായിച്ചു. മിക്ക നിർദ്ദേശങ്ങളും സ്വീകാര്യം തന്നെ. പക്ഷേ ചിലതിനോട് വിയോജിക്കുന്നു.

ബെന്നിഹിൻ, ദിനകരൻ തുടങ്ങിയവരെ മാതൃകാപ്രസംഗകരായി അവതരിപ്പിച്ചത് ശരിയായില്ല. ഇവർ അറിയപ്പെടുന്ന പ്രസംഗകർ ആയത് ഇവരുടെ പ്രസംഗം ഒന്നാംതരം ആയതുകൊണ്ടല്ല. അനുകരണീയമായി ഏറെയൊന്നും ഇവരുടെ പ്രസംഗത്തിലില്ല. എങ്കിലും ഇവരുടെ പ്രസംഗം ഉണ്ടെന്നറിഞ്ഞാൽ ജനം കൂടും. വ്യാജ രോഗശാന്തിയിലൂടെയും പേരുവിളിക്കൽ ഉൾപ്പെടെയുള്ള ചെപ്പടി വിദ്യകളിലൂടെയും ഇവർക്ക് ജനത്തെ കബളിപ്പിക്കാൻ കഴിയുന്നു. അതുകൊണ്ട് പ്രസംഗകർ എന്ന നിലയിൽ ഇവരെ അനുകരിക്കരുത്.

# പടിഞ്ഞാറേക്കര വീണ്ടും കിത്താബ് എഴുതി

വല്ലപ്പോഴും ഒരു കിത്താബ് എഴുതിയില്ലെങ്കിൽ പടിഞ്ഞാറേക്കരയ്ക്ക് ഉറക്കം വരില്ല. അതുകൊണ്ട് ഈ ചങ്ങാതി ഈയിടെ വീണ്ടും പുസ്തകമെഴുതി. പുസ്തകത്തിന്റെ വിഷയം എന്താണെന്ന് ചോദിക്കരുത്. കാരണം, അങ്ങനെ എടുത്തു പറയത്തക്ക വിഷയമൊന്നും ഇല്ല. പുസ്തക രൂപത്തിലുള്ള ഒരു സാധനം. അത്രമാത്രം.

ആരുടെയെങ്കിലുമൊക്കെ അനുമോദനമോ അവതാരികയോ ഇല്ലാതെ പുസ്തകമിറക്കാൻ പടിഞ്ഞാറേക്കരയ്ക്ക് ധൈര്യമില്ല. അതുകൊണ്ട് പുതിയ കിത്താബ്ബിലും ഇങ്ങനെ ചിലതെല്ലാം ഉണ്ട്. അനുമോദനവും അഭിപ്രായവും ഒക്കെ എഴുതിക്കുമ്പോൾ പടിഞ്ഞാറേക്കര ശുദ്ധ എക്യൂമിനിസ്റ്റാണ്. എഴുത്തുകാർ രക്ഷിക്കപ്പെട്ടവരാണോ എന്നുപോലും നോക്കില്ല. പുസ്തകം ഒന്നാംതരം ആയിരിക്കുന്നു എന്ന് ഇമ്മിണി വലിയ ആരെങ്കിലുമൊക്കെ പറഞ്ഞാൽ ചങ്ങാതിക്ക് സന്തോഷമായി.

പ്രജാപതിയായിരുന്നു പടിഞ്ഞാറേക്കരയുടെ ഇഷ്ട വിഷയം. പക്ഷേ ആ പശു ചത്തു. മോരിലെ പുളിയും പോയി. ഇനി അതുമായി കേരളത്തിൽ വന്നിട്ട് ഫലമില്ല. അതുകൊണ്ട് മറ്റു പലതും എഴുതും. എന്തൊക്കെ എഴുതിയാലും പ്രജാപതി അവിടെയും ഇവിടെയും ഒക്കെ ഉണ്ടാകുകയും ചെയ്യും. സാധാരണക്കാർക്ക് അത്ര എളുപ്പം പിടി കിട്ടുകയില്ലെന്നു മാത്രം. ഇത്തവണയും പതിവ് തെറ്റിയിട്ടില്ല.

എന്തിനാണ് ഇദ്ദേഹം ഇത്ര വിഷമിച്ച് കഷ്ണിച്ച് പുസ്തകം എഴുതുന്നത്? മറ്റ് പണിയൊന്നും ഇല്ലാത്തതുകൊണ്ടുതന്നെ. വെറുതെ ഇരുന്ന് മടുക്കുമ്പോൾ ആർക്കും ഇങ്ങനെ പലതും തോന്നും.



# ലൈറ്റ് ഹൗസ് ബൈബിൾ സോഫ്റ്റ് വെയർ കൊള്ളാം




അഭിനന്ദനം അർഹിക്കുന്ന പ്രവൃത്തികൾ കണ്ടില്ലെന്നു നടിക്കാനാവില്ല. അതുകൊണ്ട് പറയട്ടെ, എബനേസർ മൾട്ടി മീഡിയ പുറത്തിറക്കിയിരിക്കുന്ന ലൈറ്റ്ഹൗസ് ബൈബിൾ സോഫ്റ്റ്വെയർ ഒന്നാംതരമായിരിക്കുന്നു. കമ്പ്യൂട്ടർ ഉള്ളവർ ഈ സി.ഡി വാങ്ങണം.

ബൈബിൾ സോഫ്റ്റ് വെയറുകൾക്ക് ഇംഗ്ലീഷിൽ പഞ്ഞമില്ല. ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഇവ ഏറെ പ്രയോജനം ചെയ്യുന്നുമുണ്ട്. എന്നാൽ മലയാളം മാത്രം അറിയാവുന്നവർക്ക് ഇവയൊന്നും ഗുണം ചെയ്യുകയില്ല. ഈ പ്രശ്നത്തിന് ഒരു പരിഹാരമെന്ന നിലയിൽ ഈ സോഫ്റ്റ് വെയർ ഏറെ പ്രയോജനം ചെയ്യും.

പ്രത്യേകതകൾ:

1. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ് എന്നീ ഭാഷകളിലുള്ള ബൈബിൾ ഉൾപ്പെടുത്തിയിരിക്കുന്നു.
2. Easton Bible Dictionary, Torrey's Topical Text Book, Malayalam Study Topics, Maps, Charts തുടങ്ങി പലതും സി.ഡിയിലുണ്ട്.
3. ശക്തിയുള്ള സേർച്ച് എൻജിൻ ഉള്ളതിനാൽ വാക്കുകളും വാക്യങ്ങളും വളരെയെളുപ്പം കണ്ടുപിടിക്കാം.
4. നോട്ടുകളും മറ്റും തയ്യാറാക്കി സൂക്ഷിക്കാനുള്ള ക്രമീകരണമുണ്ട്.

ഇങ്ങനെ ബൈബിൾ പഠിക്കാൻ സഹായകമായ ഒട്ടേറെ പ്രത്യേകതകളുള്ളതാണ് ലൈറ്റ്ഹൗസ് ബൈബിൾ സേഫ്റ്റ് വെയർ.

വില 500 രൂപ. ഇന്ത്യയിൽ പോസ്റ്റേജ് സൗജന്യം.

സി.ഡി. ആവശ്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക:

**Ebenezer Multimedia**
**F13 Adam Tower, Kottayam - 686001**
**Phone 0481-2300395**
**website: www.bibleforindia.com.**
**Email: ksabraham@gmail.com**

# കള്ളപ്രവാചകൻ വിസ തട്ടിപ്പ് നടത്തി

കള്ളപ്രവാചകൻ വിസ തട്ടിപ്പ് നടത്തി മുങ്ങി. മനു മാർട്ടിൻ എന്ന കള്ളപ്രവാചകനാണ് തട്ടിപ്പു നടത്തിയത്. മഹാരാഷ്ട്ര സ്വദേശിയായ സുനിൽ സൂര്യവംശി എന്ന പാസ്റ്ററാണ് തട്ടിപ്പിന് ഇരയായത്.

കള്ളപ്രവചനവുമായി ഊരുചുറ്റി നടന്ന മനുവുമായി പാസ്റ്റർ സുനിൽ ഏതാനും മാസം മുൻപാണ് പരിചയമായത്. ഒരു ആഫ്രിക്കൻ രാജ്യത്ത് പാസ്റ്ററെ ആവശ്യമുണ്ടെന്നും അവിടേക്ക് പോകാൻ തയ്യാറാണോ എന്നും മനു ചോദിച്ചു. ഒരു ലക്ഷത്തോളം രൂപ ചെലവാകുമെന്നും പറഞ്ഞു. വിദേശത്ത് പോകാനുള്ള ആശ സുനിലിന് ഉണ്ടായി. അങ്ങനെ അയാൾ ചതിയിൽ പെട്ടു.

മനു നിർദ്ദേശിച്ചതനുസരിച്ച് വിസയ്ക്കും മറ്റുമുള്ള പണം ഡ്രാഫ്റ്റായി മനുവിന് അയച്ചുകൊടുത്തു. എസ്.ബി.ഐയുടെ വാണിയംകുളം ശാഖയിൽ മനു എം.സി എന്ന പേരിൽ (അക്കൗണ്ട് നമ്പർ-30020951663) ഉള്ള അക്കൗണ്ടിലേക്കാണ് പണം അയച്ചത്. മനു മാർട്ടിൻ, കൈപ്പള്ളിൽ, പുന്നയ്ക്കാട് പി.ഒ., കോഴഞ്ചേരി എന്ന വിലാസത്തിലേക്കാണ് ഡി.ഡി. അയച്ചുകൊടുത്തത്.

വിസ ശരിയായെന്നും ഉടൻ ബോംബെയിൽ എത്തണമെന്നും സുനിലിനെ മനു അറിയിച്ചതനുസരിച്ച് സുനിൽ ബോംബെ എയർപോർട്ടിൽ എത്തി. സുനിലിനെ യാത്രയയ്ക്കാൻ അയാളുടെ കുടുംബവും ഉണ്ടായിരുന്നു. എയർപോർട്ടിൽ മനുവിനെ കാണാതായപ്പോൾ സുനിൽ മനുവിനെ ഫോണിൽ വിളിച്ചു. വിസ ശരിയാകാൻ കുറെ സമയംകൂടി വേണ്ടിവരുമെന്ന മറുപടിയാണ് കിട്ടിയത്. യാത്രയാക്കാൻ എത്തിയ കുടുംബാംഗങ്ങളെ തിരികെ അയച്ചശേഷം ഏതാനും ദിവസം സുനിൽ പാസ്റ്റർ ബോംബെയിൽ കഴിഞ്ഞു. ഏതാനും ദിവസം കഴിഞ്ഞതോടെ മനുവിനെ ഫോണിലും കിട്ടാതായി. താൻ കബളിപ്പിക്കപ്പെട്ടു എന്ന് അതോടെ സുനിലിന് മനസ്സിലായി.

മനുവിനെ അന്വേഷിച്ച് സുനിൽ കേരളത്തിലെത്തിയെങ്കിലും ഫലമുണ്ടായില്ല. കോഴഞ്ചേരിയിലെ വിലാസം വ്യാജമാണെന്ന് കണ്ടെത്തി. ഏതാനും ദിവസം കേരളത്തിൽ തങ്ങിയിട്ട് സുനിൽ നിരാശനായി സ്വദേശത്തേക്ക് മടങ്ങി. അവിടെ കേസ്സ് കൊടുക്കാനാണ് സുനിലിന്റെ പദ്ധതിയെന്നറിയുന്നു.

# മണ്ടൻമാർ ഒത്തുകൂടി

ആണ്ടിൽ ഒന്നോ രണ്ടോ വട്ടം തിരുവല്ലയിൽ ഒന്നിച്ചു കൂടുക എന്നത് ശാരോനിലെ മണ്ടൻമാരുടെ സ്ഥിരം പരിപാടിയാണ്. ഇക്കൊല്ലവും ആ പതിവിന് മാറ്റമുണ്ടായില്ല. ജൂൺ 26ന് അവർ തിരുവല്ലയിൽ ഒത്തുകൂടി.

എന്തിനാണ് ഇവർ സമ്മേളിച്ചത്? അത് ഈ മണ്ടൻമാർക്കോ ഇവരെ വിളിച്ചു വരുത്തിയവർക്കോ നിശ്ചയമില്ല. ശാരോന്റെ നേതാക്കൻമാരായ ഇരുപതിൽ താഴെ ആളുകൾ മാത്രമാണ് ശാരോനിലെ അംഗങ്ങൾ എന്നാണ് നേതാക്കൻമാർ പറയുന്നത്. മറ്റ് പാസ്റ്റർമാരോ വിശ്വാസികളോ ശാരോനിലെ അംഗങ്ങളല്ല. എങ്കിലും പൊതുസഭാമണ്ഡലം എന്ന പേരിൽ കുറെ പ്രതിനിധികളെ എല്ലാ വർഷവും തിരുവല്ലയിൽ വിളിച്ചുകൂട്ടും. നേതാക്കൻമാരുടെ പ്രസംഗം കേട്ട്, ചായയും കുടിച്ച് ഇവർ പിരിയും. ഇക്കൊല്ലവും ഇതുതന്നെ നടന്നു. അവർ വന്നു, ഇരുന്നു, കണ്ടു, കേട്ടു, ചായ കുടിച്ചു, പിരിഞ്ഞു. ശുഭം.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി എന്ന പരസ്യം കണ്ട് നിരവധി ആളുകൾ വിശദാംശങ്ങൾ അന്വേഷിക്കുകയുണ്ടായി. 40 സി.ഡികളിലായി 1500ൽ അധികം പുസ്തകങ്ങളും നാല് ലക്ഷത്തോളം പേജുകളും അടങ്ങുന്നതാണ് ഈ പുസ്തക ശേഖരം. അതുകൊണ്ട് പുസ്തകങ്ങൾ, എഴുത്തുകാർ എന്നിവരേക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ നൽകുക ബുദ്ധിമുട്ടാണ്. പ്രാചീന പുസ്തകങ്ങളിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി. എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു.

എഴുത്തുകാർ, പുസ്തകങ്ങൾ തുടങ്ങിയവയിൽ നിന്ന് തിരഞ്ഞെടുത്ത ലിസ്റ്റ് താഴെ കൊടുക്കുന്നു. ഈ ഗ്രന്ഥശേഖരത്തേക്കുറിച്ച് ഒരു ഏകദേശ രൂപം കിട്ടാൻ ഇത് ഉപകരിക്കും. പ്രത്യേക ശ്രദ്ധക്ക്: ഓരോ എഴുത്തുകാരനും എഴുതിയ മുഴുവൻ പുസ്തകങ്ങളും ഈ സി.ഡികളിൽ ഉണ്ടായിരിക്കും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചു തരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചു തരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan, Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

Abbot, George:
Ainsworth, Henry:
Alleine, William:
Anderson, John:
Andrews, Lancelot:
Ante-Nicene Fathers:
Arminius, James:
Arrowsmith, John:
Anti-Roman Catho. Library
Alexander Hislop:
Alexander Stewart:
Anthony Gavin:
Archibald Alexander:
Archibald Mason:
Benjamin Needler:
Burke McCarty:
Charles Chiniquy:
Charles Hodge:
Christopher Nesse:
David Clarkson:
H. Grattan Guinness:
Hector Macpherson:
Henry Wilkinson:
John Bradford:
John Fairley:
John McDonald:
Justin Fulton:
Peter Vinke:
R.P. Blakeney:
Thomas Doolittle:
Augustine:
Attersoll,William:
Ball, John:
Ballie, Robert:
Andrew Fuller
G H Orchard
Henry G Weston
Isaac Backus
J B Jeter
J J Goadby
JA Wylie
John A Broadus
R. B. C. Howell
Richard Fuller
Negro Baptist Church
History of the English Baptists
L P Brockett
J R Graves
Baxter, Richard:
Baynes, Paul:
Bernard, John:
John Bernard
Bernard, Richard:
King James Version
Bible - Darby Translation
Bible - Douay-Rheims
Bible - Luther Translation
Bible - Latin Vulgate
Bible - Young's Translation
Webster's Bible
World English Bible
Defence Of The Sincere
Disputation On Holy Scripture
English Hexapla
Evidences Of Authenticity

The Infallible Truth
King James Bible
New Testament Greek
The Inspiration
William Tyndale Bible
American Standard Version
Easton's Bible Dictionary
Hitchcock's Dictionary
John Wycliffe's Bible
Smith's Bible Dictionary
Torrey's Topical Textbook
World English Bible
Binning,Hugh:
Blake,Thomas:
Beza, Theodore:
Boethius,:
Bonar, Horatius:
Boston , Thomas:
Bounds,Edwards:
Bowles,Oliver:
Brown, David:
Bucer, Martin:
Bullinger, H.
Bunyan,John
Burgess, Anthony
Burgess,Cornelius:
Byfield, Richard:
Byfield, N:
Byfield, Richard:
Burroughs, Jeremiah:
Cargill, Donald:
Carslaw, W.H:
Cartwright, Christoper:
Cartwright, Thomas:
Case, Thomas:
Case, Thomas:
Chaderton, Laurence:
Charnock, Stephen:
Cheynell, Francis:
Cheynell, Francis:
Chrysostom, John, St:
Clarkson, David:
Cotton, John:
Cunningham, William:
Cyclopaedia Bibliographica
Caryl, Joseph:
Cope, Michael:
Dickson, David:
Donne, John:
Downame, George:
Dury1, John:
Elliott, E.B:
Ernest Renan, Joseph:
Gataker, Thomas:
George, R.J:
Gill, John:
Gillespie, George:
Gillespie, Patrick:
Gilpin, Richard:
Goodwin, Thomas:
Gouge, William:
Gray, Andrew:
Greenhill, William:
Gurnall, William:
Guthrie, James:
Guthrie, John:
L. Gaussen:
Hales, John:
Hall, Thomas:
Hemminge, N:
Henderson, Alexander:
Henry, Matthew
Herle, Charles:
Heywood, O:
Hill, Thomas:
Hollingsworth,:
Hooper, John:
Love, Christopher:
Luther, Martin
Lavater, Lewis:
Lewis Lavater
Leigh, Edward,:
Leighton, Robert:
Lightfoot, John:
Love, Christopher:
Manton, Thomas:
Marbury, Edward:
Marshall, Stephen:

Reformation
Mew, William:
Mocket, Thomas:
More, Henry,:
Mather, Increase:
Mayer, John:
Maynard, John:
McWard, Robert:
Mede, Joseph:
Melancthon,:
Merlin, Peter:
Martyr, Peter:
Palmer, Herbert:
Patrick, Simon:
Perkins, William:
Petter, George,:
Pinchion, William:
Pont, Robert:
Poole, Matthew:
Prynne, William:
William Prynne
Rainolds, John:
Renan, Joseph Ernest:
Renwick, James:
James Renwick
Reynolds, Edwards:
Robinson, John:
John Robinson
Rogers, John:
Rogers, Richard:
Rutherford, Samuel:
Sedgwicke, Obadiah:
Selden, John:
Shepard, Thomas:
Shield1, Alexander:
Alexander Shields
Sibbes, Richard:
Simon, Patrick:
Smith, Thomas:
Spurgeon, Charles:
Spurstowe, William:
Staunton, Edmund,:
Edmund Staunton
Stevens, Nathaniel:
Nathaniel Stevens
Stock, Richard:
Richard Stock
Stoughton, Thomas:
Thomas Stoughton
Strong,William:
William Strong
Sutton, Thomas:
Dr. Thomas Sutton

Symson, Archibald:
Taylor, Francis:
Teelinck, William:
Temple, Thomas:
Thomas Temple
Temple, William:
William Temple
Tenison, Thomas:
John Brown
Apologetical Relation
Thomas Young:
Toplady, Augustus:
Letter To Wesley
Topsell, Edward:
Edward Topsell
Trapp, John:
Tuckney, Anthony:
Twisse, William:
William Twisse
Tyndale,William:
William Tyndale
Udall, John:
Ursinus, Zacharias
Verax,Theodorus:
Vicars, John:
Verax,Theodorus:
Vicars, John:
Wallis, John:
Athanasian Creed
Wamphray, John
Ward, John:
John Ward
Ward, Richard:
Richard Ward
Ward, Samuel:
Watson , Thomas
Thomas Watson
Wedderburn, Alexander:
Welsh, John:
Wesley, John:
Whately, William:
Whitaker, Jeremiah:
Whitefield, George:
Henry Wilkinson
Wilkinson, Henry:
Willard, Samuel:
Wilson, James:
Woodcock, Francis:
Woodward, Ezekiel:
Wylie, J. A:
Willet, Andrew,:
Zwingli, Huldric:
H. Zwingli



## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

RNI No. 68089 / 97
2007 July 1

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# വ്യഞ്ജനമെന്നതെനിക്കറിയാം: ഓഌഔഎഊഔഔഅംഅഃ

അഞ്ജനമെന്നതെനിക്കറിയാം, മഞ്ഞളുപോലെ വെളുത്തനിറം എന്ന് ഒരു വിദ്വാൻ പറഞ്ഞതായി കേട്ടിട്ടുണ്ട്. രണ്ടാഴ്ച മുൻപ് ചവർ ചാനലിൽ ഈ ചങ്ങാതിയുടെ പിൻമുറക്കാരനായ ഒരു മഹാപണ്ഡിതന്റെ വിജ്ഞാന പ്രകടനം കാണുവാൻ ഇടയായി. ഇദ്ദേഹം അഞ്ജനത്തിനു പകരം വ്യഞ്ജനമാണ് പാണ്ഡിത്യപ്രകടനത്തിനായി തിരഞ്ഞെടുത്തത്.

ഇത്രയുമൊക്കെ മുഖവുര പറഞ്ഞപ്പോൾ പ്രസംഗകൻ കെ.എ.ഏബ്രഹാമാണെന്ന് ഊഹിച്ചെങ്കിൽ നിങ്ങൾക്ക് തെറ്റിയിട്ടില്ല. പണ്ഡിതൻ കെ.എ.ഏബ്രഹാം തന്നെ. ഏതോ ഒരു കൺവൻഷന് കെ.എ.ഏബ്രഹാം നടത്തിയ പ്രസംഗം ചവറിൽ ടെലികാഷ്ടം നടത്തുകയാണ്. പ്രസംഗകൻ പറയുന്ന മണ്ടത്തരങ്ങൾ ലോകോത്തര ഫലിതങ്ങളായി അംഗീകരിച്ച് സന്തോഷിക്കുന്ന പമ്പര വിഡ്ഢികളെ ക്ലോസപ്പിൽ കാണിക്കുന്നുമുണ്ട്. അങ്ങനെ പ്രസംഗം മുന്നേറുന്നു.

അങ്ങനെ പ്രസംഗകൻ തന്നെ ചോദ്യവും ഉത്തരവും പറയുന്ന ഒരു ഭാഗത്തെത്തി:
രക്ഷിക്കപ്പെട്ടതാണോ?
ആ.
സ്നാനപ്പെട്ടതാണോ?
ഓ.
അഭിഷേകം പ്രാപ്രിച്ചോ?
അം.
വേർപെട്ടോ?
ഏ?
എല്ലാ ചോദ്യത്തിനും ഇങ്ങനെ ഓരോ വ്യഞ്ജനാക്ഷരത്തിൽ ഉത്തരം പറയാതെ സുഹൃത്തേ.....

പ്രസംഗകന്റെ പാണ്ഡിത്യം അപാരം തന്നെ. ജനമെല്ലാം രസിച്ച് ചിരിച്ച് ഉല്ലസിക്കുന്നു.

പക്ഷേ ഡിഫെൻഡറിന് ഒരു സംശയം. ആ, ഓ, അം, ഏ എന്നൊക്കെയുള്ള അക്ഷരങ്ങൾ വ്യഞ്ജനങ്ങളാണോ? ആണെങ്കിൽ സ്വരാക്ഷരങ്ങൾ ഏതൊക്കെയാണ്?

ഉത്തരം വ്യക്തം. കെ.എ. ഏബ്രഹാമിന് സ്വരാക്ഷരവും വ്യഞ്ജനാക്ഷരവും ഏതൊക്കെ എന്ന് അറിഞ്ഞുകൂടാ. പക്ഷേ സ്വരമെന്നും വ്യഞ്ജനമെന്നും ഒക്കെ പേരുള്ള അക്ഷരങ്ങൾ ഉണ്ടെന്നറിയാം. സ്വരം എന്നു പറയുമ്പോൾ അല്പം കട്ടി കുറഞ്ഞതും വ്യഞ്ജനം എന്നു പറയുമ്പോൾ ഗൗരവമുള്ളതുമാണെന്ന് ഊഹിച്ചു. ഗൗരവമുള്ളത് അ മുതൽ ഉള്ള അക്ഷരങ്ങളാണല്ലോ. അതുകൊണ്ട് ഇവരാണ് വ്യഞ്ജനങ്ങളെന്ന കേമൻമാർ എന്ന് തീരുമാനിക്കുകയും ചെയ്തു. കേട്ടിരുന്ന് കൈയ്യടിച്ച കൂശ്മാണ്ഡങ്ങൾക്ക് ചുക്കേത്, ചുണ്ണാമ്പേത് എന്ന് അറിയുകയുമില്ല. അതുകൊണ്ട് കെ.എ.ഏബ്രഹാമിന് ബുദ്ധിമുട്ട് ഉണ്ടായതുമില്ല.

കെ.ഏ.ഏബ്രഹാമിനോട് ഡിഫെൻഡറിന് പറയാനുള്ളത് ഇതാണ്: സ്റ്റേജിൽ കയറിനിന്ന് ദയവായി ഇത്തരം വിഡ്ഢിത്തങ്ങൾ വിളമ്പരുത്. ശ്രോതാക്കളായ പെന്തക്കോസ്ത് ശിങ്കങ്ങൾക്ക് അറിവില്ലെങ്കിലും അറിവുള്ളവർ നാട്ടിലുണ്ട്. അവരുടെ മുമ്പിൽ ദൈവമക്കളെ നാറ്റിക്കരുത്.

# മത്തായിക്കുട്ടിപ്രശ്നം നാട്ടുകാരുടെ കൈയിലേക്ക്

മറ്റൊരു പോംവഴിയും കാണാതായപ്പോൾ തനിക്കും തന്റെ മുന്തിരിത്തോട്ടത്തിനും മദ്ധ്യേ വിധിക്കാൻ ദൈവം നാട്ടുകാരെ വിളിച്ചു. (യെശ.5:3). അതുപോലെ, മത്തായിക്കുട്ടിയുടെ പ്രശ്നം പരിഹരിക്കാൻ എല്ലാ മാർഗ്ഗങ്ങളും ഡിഫെൻഡർ സ്വീകരിച്ചിട്ടും ഫലം കാണുന്നില്ല. അതുകൊണ്ട് ഈ പ്രശ്നം നാട്ടുകാരെ അറിയിക്കുകയാണ്.
പ്രശ്നത്തിന്റെ രത്നച്ചുരുക്കം ഇതാണ്:

1. കെ.ഏ.ഏബ്രഹാമിന്റെ സഹോദരിയുടെ ഭർത്താവും പുല്ലാടിന് സമീപമുള്ള ഒരു എ.ജി. സഭയിലെ പാസ്റ്ററുമായ മത്തായിക്കുട്ടി എന്ന കള്ളപ്രവാചകൻ ഒന്നാംതരം സോദോമ്യമാണ്. ഗുരുതരമായ ഈ പാപത്തിൽ ജീവിക്കുന്ന മത്തായിക്കുട്ടി ദൈവസഭയിലെ ശുശ്രൂഷകനായിരിക്കാൻ പാടില്ല.
2. ഈ പ്രശ്നത്തേക്കുറിച്ച് ഡിഫെൻഡർ പലവട്ടം എഴുതിയിട്ടും മത്തായിക്കുട്ടി നാളിതുവരെ പ്രതികരിച്ചിട്ടില്ല.
3. ഈ പ്രശ്നത്തിൽ ഇടപെട്ട് ഉചിതമായ പരിഹാരം ഉണ്ടാക്കാൻ ഡിഫെൻഡർ നിരവധി തവണ ആവശ്യപ്പെട്ടിട്ടും കെ.ഏ.ഏബ്രഹാം അതിന് തയ്യാറായിട്ടില്ല.
4. സോദോമ്യ പാപം ഗൗരവമുള്ള ഒരു പ്രശ്നമായി എ.ജി സഭാ നേതൃത്വം നാളിതുവരെ പരിഗണിച്ചിട്ടേയില്ല.
5. ഏതെങ്കിലും പെന്തക്കോസ്ത് നേതാവോ വിശ്വാസിയോ ഈ പ്രശ്നം പരിഹരിക്കാൻ ആത്മാർത്ഥമായി ശ്രമിച്ചിട്ടുമില്ല.

ഏഴു വയസ്സുള്ള കുട്ടിയോട് മുതൽ എഴുപത് കഴിഞ്ഞ വൃദ്ധനോടുവരെ മത്തായിക്കുട്ടി ഹീനമായി പെരുമാറിയതിന് ഡിഫെൻഡറിന്റെ പക്കൽ തെളിവുണ്ട്. ആകയാൽ ഈ നീചൻ ഇനി ശുശ്രൂഷയിൽ തുടരാൻ ഡിഫെൻഡർ അനുവദിക്കയില്ല.

ആത്മീയ ശുശ്രൂഷ നിർത്തുന്നതായി പ്രഖ്യാപിച്ച് ജൂലൈ 10ന് അകമായി മത്തായിക്കുട്ടി ഡിഫെൻഡറിന് എഴുതി തരുന്നില്ലെങ്കിൽ ജൂലൈ 16ന് ഇറങ്ങുന്ന ഡിഫെൻഡറിൽ മത്തായിക്കുട്ടിയുടെ കഥകൾ വിശദമായി എഴുതുകയും ആ പത്രത്തിന്റെ കോപ്പികൾ മത്തായിക്കുട്ടി ശുശ്രൂഷിക്കുന്ന സഭയിലും പരിസരത്തും വിതരണം നടത്തുകയും ചെയ്യുന്നതാണ്.


# നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

## വിഷയവിവരം:

| C.D. 1 - അടിസ്ഥാന വേദോപദേശങ്ങൾ | C.D. 2 - കൾട്ടുകൾ | C.D. 3 - ആത്മലോകം | C.D. 4 - ദുരുപദേശങ്ങൾ | C.D. 5 - ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |

| C.D. 6 - വ്യാഖ്യാനശാസ്ത്രം | C.D. 7 - ഭാവികാലശാസ്ത്രം | C.D. 8 - ബൈബിളിൽ തെറ്റുണ്ടോ? | C.D. 9 - ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | C.D. 10 - ധാർമ്മിക പ്രശ്നങ്ങൾ |
|---|---|---|---|---|
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആഭരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

**MP3 ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ.**
**ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. ആകെ ദൈർഘ്യം 100 മണിക്കൂർ**

വില: (ഇന്ത്യയിൽ) ഒരു സി.ഡി - 100 രൂപ. 10 സി.ഡികളുടെ സെറ്റ് - 900 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. 10 സി.ഡികൾ - US$ 50 or Rs.2000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ - ബ്രദർ ആൻഡ്രൂസ്: 39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ 900 രൂപയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക. **DVD** ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം എഴുതേണ്ടതാണ്.
വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**


Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan